
# മിന്നാമിനുങ്ങും കാട്ടുതീയും

ഡോ. എ. ലത

വരൾച്ചയുടെ കൂടെ നാട്ടിൽ ഉൽസവങ്ങൾക്കും കൊടികയറി. ചെറു പൂരങ്ങൾ പോലും വലിയ ഉൽസവങ്ങളായി മാറുമ്പോൾ ആളുകൾക്ക് വിശ്രമിക്കാൻ നേരമില്ല. വെടിക്കെട്ടിനും വർണ്ണപൊലിമയ്ക്കും വേണ്ടി ലക്ഷങ്ങൾ ചിലവഴിക്കാൻ മടിക്കാത്ത കേരളീയർ. കൊടുംവരൾച്ചയിൽ ആനകൾക്ക് വെള്ളവും ആഹാരവും എത്തിക്കണം എന്ന സാമാന്യബോധമോ സന്മനസ്സോ ഇല്ലാത്ത ആനപ്രേമികളായ കേരളീയർ. ആനപൂരം നമുക്ക് മാത്രം ആസ്വദിക്കാനുള്ളതാണല്ലോ !

കാട്ടിൽ, ആനകൾ ചെരിഞ്ഞുതുടങ്ങി. വെള്ളവും ഭക്ഷണവും കിട്ടാതെ അലഞ്ഞ് തിരിഞ്ഞ് നടന്ന് ക്ഷീണിച്ച് കുഴഞ്ഞ് വീണ് കരിച്ചുകൊണ്ടിരിക്കുന്നു. ഒരു വശത്ത് വരൾച്ച. കാട്ടുതീയും കൂടിയായപ്പോൾ എങ്ങനെയാണ് താങ്ങാൻ കഴിയുക ? വെള്ളം തേടി നാട്ടിൽ ഇറങ്ങിയാൽ ആൾക്കാർ തല്ലികൊല്ലും. അല്ലെങ്കിൽ വെടിവെച്ചുവീഴ്ത്തും. ഒരു സുഹൃത്ത് പറഞ്ഞതുപോലെ 'മനുഷ്യരെ പോലെ കുഴൽ കിണറ് കുഴിച്ച് വെള്ളം ഊറ്റിയെടുക്കുന്ന സ്വഭാവം മറ്റാർക്കും ഇല്ലല്ലോ ?'. എങ്ങനെയങ്കിലും എനിക്ക് വെള്ളം കിട്ടണം. പെയ്യുന്ന മഴവെള്ളം ഒരു തുള്ളിപോലും ഭൂമിയിൽ ഇറങ്ങാൻ അനുവദിക്കില്ല. പക്ഷെ ടാപ്പ് തുറന്നാൽ വെള്ളം കിട്ടുകയും വേണം. ടെറസ്സിൽ മഴവെള്ളസംഭരണം നടത്താൻ തയ്യാറാണ്. പക്ഷെ മുറ്റം കോൺക്രീറ്റ് ചെയ്യുകയും വേണം. പറമ്പിലെ എല്ലാ മരങ്ങളും വെട്ടി വെട്ടി പുല്ലു ചെത്തി വൃത്തിയാക്കി തെങ്ങും റബ്ബറും കവുങ്ങും വാഴയും വെയ്ക്കണം. പക്ഷെ കിണറ്റിൽ ഉറവ വറ്റാനും പാടില്ല. കിണറും ചിറയും കുളവും ഒക്കെ തൂർത്ത് ഷോപ്പിങ്ങ് കോംപ്ലെക്സുകളും കല്യാണമണ്ഡപങ്ങളും മറ്റും പണിയുകയും വേണം. പക്ഷെ കുടിവെള്ളം ലോറിയിലെങ്കിലും വീട്ടുമുറ്റത്ത് വെള്ളം എത്തിച്ചാൽ മതിയാകും. ഇങ്ങനെ എത്ര വിരോധാഭാസങ്ങൾ വേണമെങ്കിലും എഴുതി കൂട്ടാം.

വരൾച്ച പാരമ്യത്തിലെത്തിയ ഈ



വർഷം (2004) കേരളത്തിലെ എല്ലാ വന്യജീവിസങ്കേതങ്ങളും, സംരക്ഷിത വനമേഖലകളും കാട്ടുതീയിൽ കുറേയേറെ എരിഞ്ഞപ്പോൾ, വരാനിരിക്കുന്ന വർഷങ്ങളിൽ വരൾച്ച ഇതിലും ഭയാനകമായിരിക്കുമെന്ന് നമ്മൾ അറിഞ്ഞില്ല എന്ന് നടിക്കുന്നു. അല്ലെങ്കിൽ തന്നെ കാട്ടുതീയും വരൾച്ചയും തമ്മിൽ ബന്ധമൊന്നുമില്ലല്ലോ ! അതിരപ്പിള്ളി ടൂറിസ്റ്റ് മേഖലയിൽ ഫെബ്രുവരി ആദ്യവാരത്തിൽ കാട് കത്തിയപ്പോൾ അതു കണ്ടുനിന്ന ടൂറിസ്റ്റുകൾ ആർത്തട്ടഹസിച്ചപ്പോൾ തന്നെ ഈ കാര്യം ബോധ്യമായതാണ്.

അന്ന് അതിരപ്പിള്ളിയിൽ തുടങ്ങിയ തീ പിന്നെ അണയ്ക്കാനായില്ല. അത് മലമുകളിലൂടെ ഒരു മാസം കൊണ്ട് അങ്ങ് അറുപത് കിലോമീറ്റർ അപ്പുറം വാൽപ്പാറവരെയെത്തുകയായിരുന്നു. ഇതേ സമയം വയനാട്ടിൽ വന്യജീവി സങ്കേതമേഖലയും സൈലന്റ് വാലി നാഷണൽ പാർക്കും പറമ്പിക്കുളം വന്യജീവി സങ്കേതവും തട്ടേക്കാട് വന്യജീവി സങ്കേതവും മറ്റും മറ്റും കേരളം മുഴുവൻ കാട്ടുതീ കത്തി കയറുകയായിരുന്നു.

കേരളം എന്ന കൊച്ചു ഭൂവിഭാഗത്തിന്റെ കാലാവസ്ഥ, കാലവർഷം, തുലാവർഷം, മഞ്ഞുകാലം, വേനൽകാലം എന്നിവയെ നിയന്ത്രിക്കുകയും നിലനിർത്തുകയും ചെയ്യുന്നതിനുവേണ്ടി ഏറ്റവും പ്രധാന പങ്ക് വഹിക്കുന്ന ഉന്നത ശ്രേണികളാണ് പശ്ചിമഘട്ട വനാവൃത മലനിരകൾ. കേരളത്തിന്റെ തനതു കാർഷിക സംസ്കാരവും, ജീവിത രീതികളും സാംസ്കാരിക ശൈലികളും രൂപപ്പെടുത്തിയതിനുള്ള ഏറ്റവും പ്രധാന പങ്കുവഹിച്ചിട്ടുള്ളതും ഈ പശ്ചിമഘട്ട മലനിരകൾ തന്നെയാണ്. ലോകത്തിലെ 18 ജൈവവൈവിദ്ധ്യ "Hotpot' മേഖലയിൽ ഒന്നാണ് പശ്ചിമഘട്ടം. വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന അനേകം സസ്യജീവജാലങ്ങളുടെ അവശേഷിക്കുന്ന അഭയാരണ്യം കൂടിയാണ് പശ്ചിമഘട്ടം. ഈ വർഷം പുറത്തിറങ്ങിയ Economic Review of Kerala, 2004 തന്നെ സൂചിപ്പിക്കുന്നു., "2030 ആകുമ്പോഴേക്കും കേരളത്തിലെ മൂന്നിലൊന്നു ജൈവവൈവിദ്ധ്യവും നാമാവശേഷമാകും" എന്ന്. പശ്ചിമഘട്ട മലനിരകളിൽ മാത്രം കാണപ്പെടുന്ന അത്യപൂർവ്വവും വംശനാശ ഭീഷണി നേരി

ടുന്നതുമായ 300 ഇനം സസ്യങ്ങളിൽ 150 എണ്ണം കേരളത്തിലെ പശ്ചിമഘട്ടങ്ങളിൽ മാത്രം കാണപ്പെടുന്നവയാണ്. കാട്ടുതീ നിമിഷങ്ങൾക്കകം നിഷ്പ്രഭമാക്കുന്നത് ഈ ജൈവവൈവിധ്യത്തെ കൂടിയാണ് എന്നോർക്കുന്നത് നല്ലത്.

കഴിഞ്ഞ പതിനഞ്ച് വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള ഏറ്റവും വലിയ കാട്ടുതീയാണ് ഇക്കൊല്ലം കേരളം കണ്ടതെന്ന് വനം വകുപ്പുദ്യോഗസ്ഥർ തന്നെ സമ്മതിക്കുന്നു. അണക്കെട്ടുകൾ, കുടിയേറ്റങ്ങൾ, വനം കൈയ്യേറ്റങ്ങൾ, ഏകവിള തോട്ടങ്ങൾ, നായാട്ട്, റോഡ് നിർമ്മാണം ഇവയെല്ലാം പലയിടങ്ങളിലും പലസമയങ്ങളിലും കാട്ടുതീയ്ക്ക് കാരണമായിട്ടുണ്ട്. എഴുപതുകളുടെ അവസാനം കേരളത്തിൽ രൂപം കൊണ്ട പരിസ്ഥിതി ബോധവൽകരണ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് പൊതുജനങ്ങൾക്കിടയിലും വനം വകുപ്പിൽ തന്നെയും പശ്ചിമഘട്ട മലനിരകൾ സംരക്ഷിക്കുന്നതിനുള്ള ഒരു പ്രത്യേക ഉണർവ്വ് ഉണ്ടായിവന്നിട്ടുള്ളത്. പ്രകൃതി പഠന ക്യാമ്പുകളും അന്നത്തെ മാധ്യമങ്ങളും ഈ അവബോധം വ്യാപൃതമാക്കുന്നതിൽ വലിയ പങ്കുവഹിച്ചു. എന്നാൽ 1980 കളുടെ അവസാനത്തോടെ സാമൂഹ്യ വനവൽക്കരണം എന്ന പേരിൽ ചോലക്കാടുകളും പുൽമേടുകളും അടക്കം വെട്ടി മാറ്റി അക്കേഷ്യാ, യൂക്കാലിപ്റ്റസ്, തുടങ്ങി വെള്ളത്തെ ഊറ്റികുടിക്കുന്ന, ഭൂമിയെ ചൂടാക്കുന്ന, മണ്ണൊലിപ്പ് കൂട്ടുന്ന, കാടു കത്താനും, കത്തിക്കാനും അതുവഴി അഴിമതിയ്ക്കും സാഹചര്യങ്ങൾ ഒരുക്കുന്ന വിധത്തിൽ പ്രവർത്തനങ്ങൾ മാറുകയായിരുന്നു.

എന്നാൽ ഇതിനെല്ലാം ഒരു മാറ്റം വരുമെന്ന പ്രതീക്ഷ തരുന്ന വിധത്തിലാണ് 2000 മാണ്ടോടെ വനങ്ങളെയും വനം വകുപ്പിനേയും ജനങ്ങളേയും ഒന്നിപ്പിക്കുന്ന ഒരു പുതിയ നയത്തിന് തുടക്കമിട്ടത്. ഇതിന്റെ ഭാഗമായി രൂപം കൊണ്ട വനസംരക്ഷണ സമിതികൾ (VSS) എക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ (EDC) എന്നിവയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നു തന്നെ കാട്ടുതീ തടയലും പശ്ചിമഘട്ടവനങ്ങളുടെ പുനരുജ്ജീവനവും ആയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കാടിന്റെ അതിർത്തിയോടടുത്തു കിടക്കുന്ന ജനസമൂഹങ്ങളുടെയും, ആദിവാസികളുടെയും ഇടയിൽ കാട്ടുതീ തടയുന്നതിന് വേണ്ടി ഒരുപാട് ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുമുണ്ട്.

എന്നാൽ ഇക്കൊല്ലം നടമാടിയ കാട്ടുതീ ഈ സംരഭങ്ങളെയൊക്കെ നിരാകരിക്കുന്നവിധത്തിലായിരുന്നു. കാരണങ്ങൾ പലതും ചൂണ്ടികാണിക്കപ്പെടുന്നു. ലോകബാങ്കിന്റെ ഫണ്ട് കഴിഞ്ഞ ഡിസംബറിൽ അവസാനിച്ചതും അതുമൂലം ഫയർ വാച്ചർമാരെ നിയമിക്കാൻ സാധിക്കാതെ വന്നതും, വി.എസ്.എസ്/ഇ.ഡി.സി.കളുടെ നിസ്സഹകരണം, കൂടുതൽ ഭൂമി കൈയ്യേറാൻ കുടിയേറ്റക്കാർ തീയിടുന്നതും, കാലിമേയിക്കാൻ പുതിയ പുല്ലിനുവേണ്ടി തീയിടൽ-ഇങ്ങനെ നീളുന്നു കാരണങ്ങൾ. കാരണങ്ങളുടെ പട്ടിക എത്രനീണ്ടാലും നഷ്ടപ്പെടുന്നത് ഒരിക്കലും വിലയിടാൻ സാധിക്കാത്ത സ്വത്താണെന്നും ജീവദായിനികളായ പുഴകൾക്കു ജന്മം കൊടുക്കുന്ന കാടാണെന്നും എല്ലാവരും സൗകര്യപൂർവ്വം മറക്കുന്നു.

### ഒരനുഭവം

ഫെബ്രുവരി രണ്ടാംവാരം ചാലക്കുടി മുതൽ വാൽപ്പാറ വരെ ചാലക്കുടിപ്പുഴത്തടത്തിലൂടെ യാത്ര ചെയ്തപ്പോൾ കരിഞ്ഞ ഈറ്റകാടുകളും, വൻവൃക്ഷത്തലപ്പുകളും, അന്തരീക്ഷത്തിലെ ചൂടും പുകയും റോഡരികിൽ പേടിച്ചരണ്ട് നിൽക്കുന്ന മ്ലാവിൻ കൂട്ടവും - കാട്ടിലെ തീ ഹൃദയത്തിലേക്കും കത്തിപ്പടരുന്നതറിഞ്ഞു. ഷോളയാർ പവർ ഹൗസ് പെൻസ്റ്റോക്കിന്റെ പരിസരങ്ങളിലും പവർ ഹൗസിന്റെ പിന്നിലുള്ള മലയിലും തീ പടർന്നു കയറിയിരിക്കുന്നു. "ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ വരുന്ന കാട്ടുതീ അണയ്ക്കേണ്ട ഉത്തരവാദിത്വം വൈദ്യുതി വകുപ്പിനില്ലല്ലൊ". ജലവൈദ്യുതി ഉൽപ്പാദിപ്പിക്കാൻ വെള്ളം മാത്രം മതി. കാട് വേണ്ട എന്ന മനോഭാവമാണ് നമ്മുടെ വൈദ്യുതി വകുപ്പിന്. പെരിങ്ങൽകുത്ത്, ഷോളയാർ ജലസംഭരണികളിൽ വെള്ളത്തിനേക്കാൾ കൂടുതൽ കാണാൻ സാധിച്ചത് ചെളിയും മണ്ണുമാണ്. ചുറ്റുമുള്ള മലകളിൽ തീ. അടുത്ത മഴയിൽ ബാക്കിയുള്ള മേൽമണ്ണും കൂടി ഒലിച്ച് ജലസംഭരണിയിൽ വന്നടിഞ്ഞോളും. ഇതുവരെ തീ കയറാത്ത ഷോളയാർ വനമേഖലയിൽ അവശേഷിക്കുന്ന മഴക്കാട്ടിലും തീ കയറിയിരിക്കുന്നു.

കുറച്ചകലെ പത്തടിപ്പാലത്തിന് സമീപം അടിച്ചിലിത്തൊട്ടി മുതുവാ ഊരിലേക്ക് മുതുവാന്മാർ നടന്നു കയറുന്ന വഴിയുണ്ട്. വഴി തുടങ്ങുന്നയിടത്തു തന്നെ കാടുള്ളതുകൊണ്ട് സംഭരിച്ചു വെച്ച ജലം പാറക്കെട്ടുകൾക്കിടയിൽ കൂടി ഊർന്നിറങ്ങി ഒരു കൊച്ചരുവിയായി ഒഴുകുന്നു. അവിടെ ചെറിയൊരു മുളപാത്തി. മധുരവും തണുപ്പും പച്ചപ്പും ഒരുമിച്ചു കൈകുമ്പിളിൽ കോരി കുടിക്കാം. മനുഷ്യന്റെ തെറ്റായ ഇടപെടലുകൾക്കിടയിലും, പ്രകൃതിയിൽ ഏൽപ്പിക്കുന്ന ഒരായിരം ധ്വംസനങ്ങൾക്കിടയിലും ജീവന്റെ ഒഴുക്കും തുടിപ്പും നിലനിർത്താൻ കാട് ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. ആ തുടിപ്പിനേയും ഒഴുക്കിനേയും തിരിച്ചറിഞ്ഞ് കൊണ്ട് ബഹുമാനിച്ചുകൊണ്ട് ജീവിക്കാൻ ശ്രമിക്കുന്നവർക്കിനിയും പ്രതീക്ഷയ്ക്കു വകയുണ്ട്. അവരെ വരൾച്ച ബാധിച്ചിട്ടില്ല. ഇനിയും നനവ് അവരെ തേടിയെത്തും.

വാൽപ്പാറയിൽ നിന്നും രാത്രി മലയിറങ്ങുമ്പോൾ, തീ കത്തിപ്പടരുന്ന മലകളുടെ താഴ്വാരത്തിൽ ലക്ഷകണക്കിന് മിന്നാമിനുങ്ങുകൾ നക്ഷത്രങ്ങളായി ഇറങ്ങിവരുന്നത് നോക്കി നിന്നപ്പോൾ ആ വിശ്വാസം ഉറയ്ക്കുകയായിരുന്നു.

